ഇടമൺ-കൊച്ചി 400 കെ.വി. റ്റിലേക്കായി മാത്രം 19-8-2014-ലെ (എം.എസ്)27/14/ഊ.വ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ പ്രഖ്യാപിച്ച പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ബന്ധപ്പെട്ട ജനപ്രതിനിധികളെയും ആക്ഷൻ കൗൺസിൽ പ്രതിനിധികളേയും എർങ്കടുപ്പിച്ചുകൊണ്ട് 18-11-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും കൂടുതൽ ചർച്ചകൾക്കായി 4-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇടമൺ-കൊച്ചി പ്രസരണ ലൈനിന്റെ നിർമ്മാണ പ്രവർത്തനത്തിന് 2008-ൽ കരാർ നൽകുകയും 2010 മാർച്ചിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും ചെയ്തു. മൈസൂർ-അരീക്കോട് ലൈൻ 2006 ജനുവരിയിൽ നിർമ്മാണ മാരംഭിക്കുകയും 2007 ഡിസംബറോടുകൂടി ആയത് പൂർത്തിയാക്കാൻ ലക്ഷ്യ മിടുകയും ചെയ്തിരുന്നു.

(ഇ) ഇല്ല.

കാലഹരണപ്പെട്ട നിയമങ്ങൾ

27 (*57) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ, കാലഹരണപ്പെട്ടതും, അപ്രായോഗികവുമായ നിയമങ്ങൾ റദ്ദാക്കുന്നതിനും. പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തു നിലനിൽക്കുന്ന കാലഹരണപ്പെട്ടതും, പ്രായോഗിക മല്ലാത്തതും പൊതു താൽപര്യങ്ങൾക്കു വിരുദ്ധവുമായ നിയമങ്ങളെയും,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥകളെയും കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ ;

(സി) ഇവയിൽ റദ്ദാക്കേണ്ടവ റദ്ദുചെയ്യുന്നതിനും, കാലാനുസൃത പരിഷ്കരണം വേണ്ടവ പരിഷ്കരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരശേഖരണം നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും 17-11-2007-ൽ ജി.ഒ. (എം.എസ്) നം.253/2007/നിയമം എന്ന സർക്കാർ ഉത്തരവുപ്രകാരം ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായുള്ള ഒരു നിയമപരിഷ്കരണ കമ്മീഷൻ രൂപീകരിക്കുകയും പ്രസ്തുത നിയമ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിൽ കാലഹരണപ്പെട്ടതും ഇപ്പോൾ ആവശ്യമില്ലാത്തതുമായ 42 പ്രധാന ആക്ടുകളും 65 ഭേദഗതി ആക്ടുകളും റദ്ദാക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. അതിന്റെ ഒരു ലിസ്റ്റ് ഇതോടൊപ്പം സമർപ്പിക്കുന്നു.*

(സി) ഇവയിൽ റദ്ദാക്കേണ്ടവ റദ്ദുചെയ്യുന്നതിനും കാലാനുസൃത പരിഷ്കരണം ആവശ്യപ്പെട്ടിട്ടുള്ളവ പരിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി അങ്ങനെ റദ്ദാക്കേണ്ട ആക്ടുകളെ സംബന്ധിച്ച് നിയമവകുപ്പിൽനിന്നും ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുള്ളതും മറുപടിക്കായി കാത്തിരിക്കുകയുമാണ്. നിശ്ചിത സമയപരിധിക്കകം മറുപടി ലഭിക്കാത്തപക്ഷം കരട് ബിൽ അംഗീകരിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ

28(*58) ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഫിഷറീസും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിൽ ശിശുക്കളുടെയും ഗർഭസ്ഥ ശിശുക്കളുടെയും മരണങ്ങൾ തുടർക്കഥയാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.